ട്രാൻസ്പോർട്ട് ഭവൻ വാടകയ്ക്ക് നൽകിയിട്ടുള്ള മുറികൾ

99 [2968] പ്രൊഫ. കെ. വി. തോമസ്:
ശ്രീ. കെ. എ. ചന്ദ്രൻ:
,, എം. കെ. പോൾസൺ മാസ്റ്റർ:
,, വി. ഡി. സതീശൻ:
,, കെ. മോഹൻകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്തുള്ള ട്രാൻസ്പോർട്ട് ഭവനിൽ ഏതെല്ലാം ഓഫീസുകൾക്കുവേണ്ടി മുറി വാടകയ്ക്ക് കൊടുത്തിട്ടുണ്ട്;

(ബി) എത്ര ചതുരശ്രമീറർ സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്?

ഉത്തരം

(എ) ട്രാൻസ്പോർട്ട് ഭവനിൽ താഴെപ്പറയുന്ന ഓഫീസുകൾക്കുവേണ്ടി സ്ഥലം വാടകയ്ക്ക് കൊടുത്തിട്ടുണ്ട്:

1. മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ്
2. രജിസ്ട്രേഷൻ ഡിപ്പാർട്ട്മെന്റ്
3. ബി. എസ്. എൻ. എൽ.
4. സിവിൽ സപ്ലൈസ് കോർപ്പറേഷൻ
5. ബി. പി. എൽ. ടവർ സ്ഥാപിക്കുന്നതിന്.

(ബി) മൊത്തം 38078 ചതുരശ്ര അടി സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത്.

പുതുതായി രജിസ്റ്റർ ചെയ്ത സഹകരണ സംഘങ്ങൾ

100 [2969] ശ്രീ. എം. വി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര സഹകരണ സംഘങ്ങൾ പുതുതായി രജിസ്റ്റർ ചെയ്തു;

(ബി) അവയുടെ പേരുവിവരം ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) ഈ സംഘങ്ങളിലെല്ലാമായി എത്ര തസ്തികകൾ സൃഷ്ടിച്ചു; അവയുടെ വിവരം സംഘം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇത്തരം നിയമനങ്ങളിൽ സംവരണതത്വം പാലിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്?

ഉത്തരം

(എ) 1063 പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ജില്ല തിരിച്ചുള്ള പേരുവിവരം ശേഖരിച്ചുവരുന്നു.

(സി) നാലു ജില്ലകളിലെ ലഭ്യമായ വിവരം ചുവടെ ചേർക്കുന്നു:

കൊല്ലം	66
പത്തനംതിട്ട	12
കോട്ടയം	68
കാസർഗോഡ്	40

LIBRARY ARCHIVES Kerala Legislative Assembly

മറ്റു ജില്ലകളിൽ സൃഷ്ടിച്ച തസ്തികകളുടേയും സംഘം തിരിച്ചുള്ളവയുടേയും വിവരം ലഭ്യമായിട്ടില്ല. കൂടാതെ സംസ്ഥാനാടിസ്ഥാനത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സംഘങ്ങളിലായി 11 തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആയതിന്റെ വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. കേരള സ്റ്റേറ്റ് ഹോർട്ടിക്കൾച്ചർ ആൻഡ് അഗ്രിക്കൾച്ചറൽ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹകരണ സംഘം ക്ലിപ്തം നം. 4436—

മാനേജിംഗ് ഡയറക്ടർ	1
അക്കൗണ്ടൻറ്	1
ജൂനിയർ ക്ലാർക്ക്	1
അറൻഡർ	1
സെക്യൂരിറ്റി	1
ആകെ	5

2. അഗ്രോ കോ-ഓപ്പറേറ്റീവ് ലിമിറ്റഡ്—

മാനേജിംഗ് ഡയറക്ടർ	1
ജനറൽ മാനേജർ	1
പ്രോജക്ട് മാനേജർ	1
സെക്രട്ടറി/മാനേജർ	1
പ്യൂൺ	1
ആകെ	5

3. കേരള വനിതാ സഹകരണ ഫെഡറേഷൻ ക്ലിപ്തം നം. 4440—

മാനേജിംഗ് ഡയറക്ടർ (ഡെപ്യൂട്ടേഷൻ)	1

(ഡി) കേരള സഹകരണ നിയമത്തിലെ വകുപ്പ് 80 ഉപവകുപ്പ് 4-ൽ സംവരണതത്വം പാലിക്കുവാൻ വ്യവസ്ഥയുണ്ട്. എന്നിരുന്നാലും നിയമമനുസരിച്ചുള്ള സംവരണതത്വം പാലിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് സഹകരണസംഘം രജിസ്ട്രാർ കാലാകാലങ്ങളിൽ സർക്കുലറുകൾ പുറപ്പെടുവിക്കാറുണ്ട്.

ലിക്വിഡേറ്റ് ചെയ്യപ്പെട്ട സഹകരണ സംഘങ്ങൾ

101 [2970] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു. ഡി. എഫ്. സർക്കാർ അധികാരം ഏറ്റെടുത്തശേഷം വിവിധ മേഖലകളിൽ പുതുതായി എത്ര സഹകരണ സ്ഥാപനങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് നൽകുമോ;

(ബി) എത്ര സഹകരണ സ്ഥാപനങ്ങൾ ലിക്വിഡേറ്റ് ചെയ്യപ്പെട്ടിട്ടുണ്ട്; എങ്കിൽ എന്തു കാരണത്താലാണ് അവ ലിക്വിഡേറ്റ് ചെയ്യപ്പെട്ടതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly